പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.878.

11.07.2016 -ൽ
മറുപടിയ്ക്ക്

## സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. സർക്കാർ മേഖലയിൽ എറണാകുളം മഹാരാജാസ് കോളേജിനും എയ്ഡഡ് മേഖലയിൽ 18 കോളേജുകൾക്കും സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണപദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ട്. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. |

(സി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ ഏതെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(സി) സംസ്ഥാന തലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് യു.ജി.സി യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതി എന്ന പേരിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി.,കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളുടെ ആക്ടിൽ ഉൾപ്പെടുത്തി സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പാസ്സാക്കിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

**സ്വയംഭരണാവകാശം ലഭിച്ച കോളേജുകൾ**

1.മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.
2.ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.
3.സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4.സെന്റ് തെരേസാസ് കോളേജ്, എറണാകുളം
5.സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം.
6.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം.
7.സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.
8.എം.ഇ.എസ് കോളേജ്, മാമ്പാട്.
9.ഫറോക്ക് കോളേജ്, കോഴിക്കോട്.
10.സെന്റ് ജോസഫസ് കോളേജ്, ദേവഗിരി, കോഴിക്കോട്.
11.ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, തൃശ്ശൂർ
12.വിമല കോളേജ്, തൃശ്ശൂർ.
13.സെന്റ് ജോസഫ് കോളേജ്, ഇരിഞ്ഞാലക്കുട
14.എം.എ.കോളേജ്, കോതമംഗലം
15.മരിയൻ കോളേജ്, കുറ്റിക്കാനം
16.സെന്റ് ആൽബർട്ട് കോളേജ്, എറണാകുളം.
17. അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി
18. സി.എം.എസ്.കോളേജ്, കോട്ടയം.

സെക്ഷൻ ഓഫീസർ